വൃക്കവ്യാപാരം നടത്തുന്ന ഏജന്റുമാർ

23 [*170] ശ്രീ. പി. സി. ജോർജ് :

„ ടി. പി. രാമകൃഷ്ണൻ :

„ മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃക്കവ്യാപാരം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൃക്കവ്യാപാരം നടത്തുന്ന ഏജന്റുമാരെയും ഇതിന് കൂട്ടുനിൽക്കുന്ന ആശുപത്രി അധികൃതരേയും കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ തൃപ്പൂണിത്തുറ സ്വദേശി മുരുകൻ എന്ന യുവാവിന്റെ വൃക്ക ഏജന്റുമാർ മുഖേന തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽവച്ച് കണ്ണൂർ സ്വദേശിക്ക് മാറ്റിവച്ച സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) വൃക്ക വ്യാപാരത്തിൽ ബ്ലേഡ് മാഫിയാകളുടെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) ഇതു സംബന്ധിച്ച ഒരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൃക്ക തട്ടിപ്പിനെപ്പറ്റി 2002-ൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ മുഖേന അന്വേഷണം നടത്തി. ടി അന്വേഷണത്തിൽ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തിയത് നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടാണെന്ന് വ്യക്തമായി. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ പോലീസ് അന്വേഷണവും നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. അപ്രോപ്രിയേറ്റ് അതോറിറ്റി ആയ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ വിശദമായ അന്വേഷണത്തിനായി കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ചെയർമാനായുള്ള സെൻട്രൽ സോൺ ആതറൈസേഷൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളെല്ലാം അന്വേഷണാവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly